മി. സ്പീക്കർ: ഒരു മെമ്പർ ചോദ്യം ചോദിച്ചതിലാണോ സ്പീക്കർ അതു അന്വേഷിക്കാതിരുന്നതിലാണോ പിശകു കണ്ടതെന്നു് ബഹു. മെമ്പർ വെളിവാക്കിയാൽ പോയിന്റ് ഓഫ് ഓർഡറിനെപ്പറ്റി റൂളിംഗ് തരാവുന്നതാണു്.

ശ്രീ. എം. ഐ. പോൾ: പാർലമെന്ററി അല്ലെന്നാണു് എനിക്കു തോന്നുന്നതു്.

മി. സ്പീക്കർ: സ്പീക്കർ സ്വീകരിച്ചു നടപടിയെപ്പറ്റിയാണോ ചോദ്യം ചെയ്യുന്നതു എന്നു ബഹു. മെമ്പർ വ്യക്തമാക്കുന്നില്ലെങ്കിൽ അടുത്ത ചോദ്യം എടുക്കുന്നതാണു്.

Sri. P. Balakrishnan Tampi: I rise to a point of order. I think it is an infringement of the rights of the House if an honourable member is interrogated from the Chair in this manner.

Mr. Speaker: There is no such infringement involved in this.

ശ്രീ. പോൾ തളിയത്തു്: ഈ ആവശ്യങ്ങൾക്കു എന്തുചെയ്തു?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: റോഡു് കൺസ്ട്രക്ടു് ചെയ്തു, മെറ്റീരിയൽസു് കൊടുത്തുവരുന്നു.

ശ്രീ. പോൾ തളിയത്തു്: അടുത്തകാലത്തു ഇതിലേക്കു് പണം മുടക്കിയതായിട്ടു പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: പണം മുടക്കിയിട്ടുണ്ടു്. എന്നാൽ ഇതിന്റെ പ്ലാനിംഗു് ശരിയായിട്ടില്ല എന്നു ഗവൺമെണ്ടിനു ബോദ്ധ്യമാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അതിനെത്തരവാദപ്പെട്ട ആഫീസരുടെമേൽ എന്തു നടപടി നടത്തി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അദ്ദേഹത്തോടു എക്സ്പ്ലനേഷൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ വക്കുകാര്യം ഗവൺമെണ്ടു് നേരിട്ടു ചെയ്യുന്നതോ? കൺട്രാക്ടു് കൊടുത്തിട്ടുള്ളതോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഗവൺമെണ്ടിന്റെ ചുമതലയിൽ ആണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കൺട്രാക്ടിന്റെ ബില്ലുകാര്യം മുഴുവൻ കൊടുത്തുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: നിശ്ചയമില്ല.

കയർ സൊസൈറ്റി സ്റ്റാഫു്

*൪൨. (൨൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കയർ സൊസൈറ്റിക്കായി നിയമിച്ച സ്റ്റാഫിനെ പിരിച്ചുവിട്ടതിനുശേഷം അവരിൽ കുറെപേർക്കു വീണ്ടും ഗവൺമെണ്ടിൽ ഉദ്യോഗം കൊടുത്തുവെന്നും ശേഷംപേർക്കു് ഇതുവരേയും യാതൊരു ജോലിയും കൊടുത്തിട്ടില്ലെന്നും ഉള്ള പരാതി വാസ്തവമാണോ;

(ബി) പരാതി വാസ്തവമാണെങ്കിൽ ആ വിവേചനത്തിനുള്ള കാരണമെന്താണെന്നു സദയം പറയാമോ?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman):** The answer is not ready, Sir.

LIBRARY ARCHIVES Kerala Legislative Assembly